ത്തുന്നതാണ്. മോട്ടോർ തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കുക, ലോറി തൊഴിലാളികളെ ക്ഷേമനിധിയിലുൾപ്പെടുത്തുക എന്നീ ആവശ്യങ്ങൾക്കുള്ള നടപടി ട്രാൻസ്പോർട്ടിന്റെ അധികാര പരിധിയിൽ വരുന്നതല്ല.

(6) പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക് അടച്ചുപൂട്ടുന്നതു സംബന്ധിച്ച്

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ : സർ, കണ്ണൂർ ജില്ലയിലെ പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക് അടച്ചുപൂട്ടി പീഡിപ്പിക്കപ്പെടുന്ന വന്യജീവികളെ സ്വതന്ത്രമായി അവയുടെ ആവാസകേന്ദ്രങ്ങളിലേയ്ക്കുതന്നെ അയയ്ക്കണമെന്ന സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ തീരുമാനം ഇപ്പോഴും നടപ്പിലാക്കിയിട്ടില്ല. നിയമപരമായും ജീവകാരുണ്യപരമായ നിലപാടിന്റെ അടിസ്ഥാനത്തിലും എന്നാൽ ബോധത്തോടുകൂടിയും നടപ്പിലാക്കേണ്ടിയിരുന്ന ലളിതമായ കാര്യത്തെ സങ്കീർണ്ണമാക്കുകയും രാഷ്ട്രീയപ്രേരിതമായ ധാരണയുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിനും ഡിപ്പാർട്ടുമെന്റിനും ഇടതുപക്ഷ ജനാധിപത്യ സംഘടനകൾക്കുമെതിരായി ഉറഞ്ഞുതുള്ളുകയുമാണ് മാധ്യമങ്ങളും യു.ഡി.എഫ്.ലെ ചിലരും. 1993 ആഗസ്റ്റ് 4-ാം തീയതി മുതൽ പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് അനധികൃതമായിട്ടാണ് നടത്തുന്നതെന്ന് വ്യക്തമായി എല്ലാവർക്കും അറിയാവുന്നതാണ്. 1972-ലെ വൈൽഡ് ലൈഫ് പ്രൊട്ടക്ഷൻ ആക്ടിൽ അന്നുണ്ടായിരുന്ന 38-ാം വകുപ്പ് 1992-ൽ ഭേദഗതി ചെയ്തു. 3.8.1993-നുമുമ്പായി അംഗീകാരം നേടാത്ത എല്ലാ അനധികൃതസൂവും പൂട്ടണമെന്നുള്ളതായിരുന്നു ഭേദഗതി. അതിനെത്തുടർന്ന് ശ്രീ. എം.വി. രാഘവൻ അതിന്റെ പ്രസിഡന്റെന്ന നിലയിൽ 10.2.1995-നാണ് അപേക്ഷതന്നെ കൊടുക്കുന്നത്. 3.8.93-നു മുൻപ് അനുവാദം വാങ്ങണമെന്ന് വ്യവസ്ഥ ചെയ്തിട്ടും 10.2.95-ൽ മാത്രമാണ് അപേക്ഷതന്നെ കൊടുക്കുന്നത്. അപേക്ഷ കൊടുത്തപ്പോൾ, വന്യജീവികളെ എവിടെനിന്നുമാണ് ലഭിച്ചിട്ടുള്ളതെന്ന് പിന്നീട് സൂ അതോറിറ്റി ഓഫ് ഇന്ത്യ ശ്രീ. എം.വി. രാഘവനോട് അതിന്റെ പ്രസിഡന്റെന്ന നിലയിൽ തിരക്കുകയുണ്ടായി. അതിനെസംബന്ധിച്ച് ഒരു മറുപടിയും ഇന്നുവരെ കൊടുത്തിട്ടില്ല. ഒരു ടെക്നിക്കൽ കമ്മിറ്റിയെ ഇതുസംബന്ധിച്ച് അന്വേഷിക്കുന്നതിനുവേണ്ടി 10.3.98-ല പറശ്ശിനിക്കടവിലേയ്ക്ക് അയയ്ക്കുകയുണ്ടായി. കമ്മിറ്റി പരിശോധിച്ച് അതിന്റെ ശുപാർശയിൽ ഈ സ്നേക്ക് പാർക്കിന് ഒരുതരത്തിലുള്ള അനുവാദവും കൊടുക്കാൻ പാടില്ല എന്നുതന്നെ തീരുമാനിച്ചു. ഈ തീരുമാനത്തിനെതിരായി പിന്നീട് പാർക്ക് അധികൃതർ അപ്പീൽ കൊടുത്തു. അപ്പീലിനെത്തുടർന്ന് ഇതിന്റെ കാര്യങ്ങൾ വിശദമായി സൂ അതോറിറ്റി ഓഫ് ഇന്ത്യയെ അറിയിക്കുന്നതിനുവേണ്ടി 6 മാസം സമയം കൊടുത്തു. ആ 6 മാസത്തിനിടയിലും ഒരു കാര്യവും ചെയ്യാൻ അവർ തയ്യാറായിട്ടില്ല. അതിനുശേഷം വീണ്ടും മൂന്നുമാസം കൂടി നീട്ടിക്കൊടുത്തു. അപ്പോഴും ഒരു കാര്യവും ചെയ്തിട്ടില്ല. 25.1.2000-ന് അതിന്റെ സമയം അവസാനിച്ചു. എന്നുപറഞ്ഞാൽ 26.1.2000 മുതൽ പാമ്പിനെ സ്നേക്ക് പാർക്കുകൾ എന്നരീതിയിൽ പ്രദർശിപ്പിക്കാനുള്ള യാതൊരു അവകാശവും അധികാരവും ശ്രീ. എം.വി. രാഘവന്റെ സൊസൈറ്റിക്കില്ലെന്നാണ് അതിന്റെയർത്ഥം. ഒരു സ്വകാര്യ അന്യായംതന്നെ ഇതിനിടയിൽ സുപ്രീംകോടതിയിൽ വരികയുണ്ടായി. മറിയം റഫീജ എന്നുപറയുന്ന ആളാണ് സുപ്രീം കോടതിയിൽ പോയത്. അനധികൃതമായി നടത്തുന്ന സൂ എല്ലാംതന്നെ പൂട്ടണമെന്ന് വ്യക്തമായി സുപ്രീംകോടതി വിധിക്കുകയും ചെയ്തു. ആ വിധി അടിസ്ഥാനപ്പെടുത്തി കേരളത്തിലെ, ഇന്ത്യയിലെ എല്ലാ അനധികൃത സൂവും പൂട്ടണമെന്ന

LIBRARY ARCHIVES Kerala Legislative Assembly

തിന്റെ ഭാഗമായിട്ടാണ് സൂ അതോറിട്ടി ഓഫ് ഇന്ത്യ യഥാർത്ഥത്തിൽ സ്നേക്ക് പാർക്ക് അടച്ചുപൂട്ടുന്നതിനും ആ വന്യജീവികളെ അവരവരുടെ ആവാസ കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കണമെന്നും തീരുമാനിച്ചത്. അതിനെ ത്തുടർന്ന് രണ്ടുമാസം മുൻപ് അവിടെ അന്വേഷിക്കാൻ പോയ ആളുകൾ, 204 വന്യജീവികളെ അവിടെ പാർപ്പിച്ചിട്ടുള്ളതായിട്ടാണ് കണ്ടത്. കഴിഞ്ഞ 10.2.2000-ന് അവിടെ കണ്ടുകിട്ടിയിട്ടുള്ളത് 369 മൃഗങ്ങളെയാണ്. 204 എണ്ണം മാത്രം ഒരു മാസം മുൻപുണ്ടായിരുന്നത് 369 ആയി വർദ്ധിച്ചിരിക്കുന്നു. അവിടെ അന്വേഷിക്കാൻ പോയപ്പോൾ തന്നെ 35 എണ്ണം ചത്തുകിടക്കുന്നുണ്ട്. അവയെ ശരിയായ രീതിയിൽ പരിപാലിക്കുന്നതിനുള്ള ഒരു നിലപാടുമില്ല. മാത്രമല്ല. കൃത്യമായി അവിടെ പണം സ്വരൂപിക്കാനുള്ള ബോധപൂർവ്വമായ മാർഗ്ഗമായി വന്യജീവി പീഡനമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത്. സുപ്രീംകോടതി വിധിയെ അടിസ്ഥാനപ്പെടുത്തിയും സൂ അതോറിറ്റി ഓഫ് ഇന്ത്യയുടെ തീരുമാനമനുസരിച്ചും ആ വിധി നടപ്പിലാക്കുന്നതിന് സാധി ക്കാത്ത ഒരവസ്ഥ വരികയും ശ്രീ. എം.വി. രാഘവന് ഓരോ ദിവസവും 1000 രൂപപ്രകാരം ഒരു മാസം 30,000 രൂപ ആ പാർക്കുപയോഗിച്ച് ഉണ്ടാക്കുന്നതി നുള്ള സൗകര്യമുണ്ടാകുകയും ചെയ്യുന്നു എന്നുള്ളതാണ് ഇപ്പോഴത്തെ സ്ഥിതി. യു.ഡി.എഫ്.ലെ ചിലയാളുകളും അതുപോലെതന്നെ ചില വാർത്താ മാധ്യമങ്ങളുമെല്ലാം ചേർന്നുകൊണ്ട് ഈ പ്രശ്നത്തെ ശരിയായ രീതിയിൽ മനസ്സിലാക്കാതെ, അനധികൃതമായി നടത്തിക്കൊണ്ടിരിക്കുന്ന, കോടതി ഓർഡർപോലും നടപ്പിലാക്കുന്നതിന് തയ്യാറില്ലാത്ത ഒരു നിലപാട് ആണ് ഇവർ യഥാർത്ഥത്തിൽ അവിടെ നടത്തിക്കൊണ്ടിരിക്കുന്നത്. അതിനെതിരെ യുള്ള ശക്തമായ ജനവികാരമാണ് അവിടെയുണ്ടാകുന്നത്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, അടിയന്തിരമായി ഈ വന്യജീവികളെ അതിന്റെ ആവാസ കേന്ദ്രങ്ങളിലേയ്ക്ക് തിരിച്ചയയ്ക്കുന്നതിനുള്ള ബോധപൂർവ്വമായ ഒരു തീരുമാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നുമുണ്ടാകണം അതല്ലാത്ത നില പാടെടുക്കുന്നത് യഥാർത്ഥത്തിൽ ഈ ജീവികളെ പീഡിപ്പിക്കാൻ അനുവാദം കൊടുക്കുകയാണ് ചെയ്യുന്നത്. ഈ പീഡനത്തിനനുകൂലമായിട്ടാണ് ശ്രീ. കെ.സി. ജോസഫ് ഉൾപ്പെടെയുള്ളവർ നിലകൊള്ളുന്നത് എന്നുള്ളതാണ് സത്യം. ഇവയെ സ്ഥിരമായി പീഡിപ്പിക്കുന്ന ഇടപാട് അവസാനിപ്പിക്കാനുള്ള ബോധപൂർവ്വമായ തീരുമാനം ഗവൺമെന്റ് ശരിയായ രീതിയിൽ കൈകാര്യം ചെയ്യണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. . . .(ബഹളം).....

മി. സ്പീക്കർ : ഈ സംഭവം സംബന്ധിച്ച ഒരു സബ്മിഷൻ ശ്രീ. കെ. സി. ജോസഫും തന്നിട്ടുണ്ട് . . . . . .(ബഹളം).....

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) : സർ, 1972-ൽ നിലവിൽവന്ന വന്യജീവി സംരക്ഷണ നിയമത്തിന് 1991-ൽ വരുത്തിയ ഭേദഗതിയനുസരിച്ച് മൃഗശാലകൾക്ക് സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീ കാരം അനിവാര്യമാക്കിക്കൊണ്ടും അതിനുവേണ്ടി സെൻട്രൽ സൂ അതോറിറ്റി തീരുമാനിക്കുന്ന നിബന്ധനകൾ ഉൾപ്പെടുത്തിക്കൊണ്ടും IV A എന്ന അദ്ധ്യായം പുതിയതായി ചേർക്കുകയുണ്ടായി. മേൽപ്പടി അധ്യായത്തിലെ സെക്ഷൻ 38 എച്ച് അനുസരിച്ച് നിലവിലുള്ള എല്ലാ മൃഗശാലകളും 3.8.93-നു മുൻപായി സെൻട്രൽ സൂ അതോറിറ്റിയുടെ അംഗീകാരത്തിനായി അപേക്ഷി ക്കേണ്ടിയിരുന്നു. ഈ തീയതിയിലോ അതിനു മുൻപോ പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക് അധികാരികൾ അംഗീകാരത്തിനായി അപേക്ഷ നൽകിയിരു ന്നില്ല. അതിനാൽ 4.8.93-നുശേഷം പ്രസ്തുത പറശ്ശിനിക്കടവ് സ്നേക്ക്പാർക്ക്

LIBRARY ARCHIVES Kerala Legislative Assembly

നടത്തിവന്നിരുന്നത് അനധികൃതവും നിയമവിരുദ്ധവുമായിട്ടായിരുന്നു. അംഗീകാരത്തിനായി ആദ്യമായി സെൻട്രൽ സൂ അതോറിറ്റിക്ക് പറശ്ശിനിക്കടവ് സ്നേക്ക്പാർക്കിന്റെ അപേക്ഷ ലഭിക്കുന്നത് 10.2.95-ലാണ്. 10.2.93-ൽ കുറെ അക്രമികൾ പാമ്പു വളർത്തൽ കേന്ദ്രം തീവച്ചു എന്നതാണ് യഥാസമയം അംഗീകാരത്തിനായി അപേക്ഷിക്കാതിരുന്നതിന് കാരണമായി സ്നേക്ക് പാർക്ക് അധികാരികൾ സമർപ്പിച്ചിരിക്കുന്നത്. പാമ്പു വളർത്തൽ കേന്ദ്രം പൊതുജനങ്ങളുടെയും അഭ്യുദയകാംഷികളുടേയും സഹകരണത്തോടെ പുതുക്കിപ്പണിത് പുതിയ വന്യമൃഗങ്ങളെ കൈവശമാക്കി എന്നാണ് വന്യമൃഗങ്ങൾ എങ്ങനെ കിട്ടി എന്ന ചോദ്യത്തിന് ഉത്തരമായി സ്നേക്ക് പാർക്ക് അധികാരികൾ അറിയിച്ചിരുന്നത്. സ്നേക്ക് പാർക്ക് അധികാരികൾ വന്യമൃഗങ്ങളെ കൈവശപ്പെടുത്തിയത് 10-2-93-ന് ശേഷമാണെന്നാണ് ഇതിനാൽ വെളിവാകുന്നത്. വന്യജീവി സംരക്ഷണ നിയമത്തിലെ രണ്ടാം വകുപ്പിലെ പതിനാറാം അനുച്ഛേദത്തിൽ 'വേട്ടയാടൽ' എന്ന പദം നിർവ്വചിച്ചിട്ടുണ്ട്. അതു പ്രകാരം വന്യജീവികളെ പിടിക്കുക, കൊല്ലുക, വിഷം കൊടുക്കുക, കെണി വച്ചു പിടിക്കുക, ടി ഉദ്ദ്യേശങ്ങൾക്കായി ഓടിക്കുക എന്നിവയെല്ലാം തന്നെ വേട്ടയാടൽ എന്ന പദത്തിൽ ഉൾപ്പെടും. വന്യജീവി സംരക്ഷണ നിയമത്തിലെ 9-ാം വകുപ്പനുസരിച്ച് എല്ലാ വന്യമൃഗങ്ങളും സർക്കാർ സ്വത്തായതിനാലും സ്നേക് പാർക്ക് അധികൃതർ വന്യമൃഗങ്ങളെ കൈവശം വയ്ക്കുവാൻ പാടില്ലെന്ന് സെൻട്രൽ സൂ അതോറിറ്റി മുന്നറിയിപ്പു നൽകിയിരുന്നതാണ്. നടപടിക്രമങ്ങൾ പാലിച്ചിട്ടില്ലാത്തതിനാൽ പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിന്റെ അംഗീകാരത്തിനുള്ള അപേക്ഷ സ്വീകരിക്കുന്നതല്ലെന്നും സെൻട്രൽ സൂ അതോറിറ്റി വളരെ വ്യക്തമായി സ്നേക്ക് പാർക്ക് അധികൃതരെ അറിയിച്ചിരുന്നു. എങ്കിലും നടപടിക്രമം അനുസരിച്ച് 5-1-98-ൽ ഒരു വിദഗ്ദ്ധൻ മുഖാന്തരം മേൽപ്പടി സ്നേക്ക് പാർക്കിലെ വന്യമൃഗങ്ങളുടെ കണക്കെടുപ്പു നടത്തിയിരുന്നു. 10-3-98-ൽ സെൻട്രൽ സൂ അതോറിറ്റിയുടെ ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ ഇതു സംബന്ധിച്ച ഇവാല്യൂവേഷൻ റിപ്പോർട്ട് ഹാജരാക്കിയിരുന്നു. വന്യമൃഗങ്ങളെ നിയമപ്രകാരം കൈവശപ്പെടുത്തിയതിനുള്ള തെളിവുകൾ സ്നേക്ക് പാർക്ക് അധികൃതർ ഹാജരാക്കാതിരുന്നതിനാൽ അവരുടെ അപേക്ഷ നിരസിക്കുവാൻ മേൽപ്പടി കമ്മിറ്റി തീരുമാനിച്ചു. ടെക്നിക്കൽ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിന് അംഗീകാരം നിഷേധിച്ചുകൊണ്ട് 27-4-98-ൽ സെൻട്രൽ സൂ അതോറിറ്റി കത്തയച്ചു. ചീഫ് വൈൽഡ്ലൈഫ് വാർഡന്റെ നിർദ്ദേശമനുസരിച്ച് വന്യമൃഗങ്ങളെ പുനരധിവസിപ്പിക്കാനും പാർക്ക് അടച്ചുപൂട്ടാനും സെൻട്രൽ സൂ അതോറിറ്റി നിർദ്ദേശം നൽകുകയുണ്ടായി. ഇതേത്തുടർന്ന് വന്യജീവിസംരക്ഷണ നിയമം സെക്ഷൻ 38 എച്ച് വകുപ്പിലെ അനുച്ഛേദം 7 പ്രകാരം അപ്പീൽ അധികാരിയായ കേന്ദ്ര സർക്കാരിന് (വനം-പരിസ്ഥിതി മന്ത്രാലയം) സ്നേക്ക് പാർക്ക് അധികൃതർ അപ്പീൽ സമർപ്പിച്ചു. തങ്ങൾ കൈവശം വച്ചിട്ടുള്ള വന്യമൃഗങ്ങളെ നിയമപരമായി കൈവശപ്പെടുത്തിയത് സംബന്ധിച്ച് തെളിവുകൾ ഹാജരാക്കുവാൻ സാവകാശം തന്നില്ല എന്ന സ്നേക്ക്പാർക്ക് അധികൃതരുടെ വാദം കേന്ദ്ര സർക്കാർ പരിഗണിക്കുകയും മേൽപ്പടി വന്യമൃഗങ്ങളുടെ നിയമപരമായ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ സെൻട്രൽ സൂ അതോറിറ്റി മുൻപാകെ ഹാജരാകുവാൻ 6 മാസത്തെ സമയം അനുവദിക്കുകയും ചെയ്തു. ഈ കാലയളവിൽ പാമ്പുവളർത്തൽ കേന്ദ്രം ഒരു മൃഗശാലയായി താത്കാലികമായി തുടരുവാനും അനുവദിച്ചിരുന്നു. കേന്ദ്ര സർക്കാരിന്റെ വനം പരിസ്ഥിതി മന്ത്രാലയം നിർദ്ദേശിച്ച പ്രകാരമുള്ള നിബന്ധനകളും

LIBRARY ARCHIVES Kerala Legislative Assembly

നിർദ്ദേശങ്ങളും പാലിക്കുവാൻ 3 മാസത്തെ സാവകാശം കൂടി അനുവദിക്കണമെന്ന് അപേക്ഷിച്ചുകൊണ്ട് സ്നേക്ക് പാർക്ക് അധികാരികൾ 21-10-99-ൽ ഒരു നിവേദനം കൂടി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ആവശ്യമായ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ സെൻട്രൽ സൂ അതോറിറ്റി പ്രത്യേകം നോട്ടീസ് അയയ്ക്കുമെന്ന ഉത്തമ വിശ്വാസത്തിലിരുന്നതിനാലാണ് കൂടുതൽ സമയം വേണ്ടിവന്നതെന്നാണ് ഇതിനുള്ള കാരണമായി സ്നേക്ക് പാർക്ക് അധികാരികൾ ബോധിപ്പിച്ചിരുന്നത്. 25-1-2000-ന് മുൻപായി തങ്ങളുടെ കൈവശമുള്ള വന്യമൃഗങ്ങളുടെ നിയമപരമായ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ ഹാജരാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് കേന്ദ്ര സർക്കാർ സ്നേക്ക് പാർക്ക് അധികാരികളുടെ മേൽപ്പടി അപേക്ഷ അനുവദിക്കുകയുണ്ടായി. യാതൊരു കാരണവശാലും ഈ കാലാവധി നീട്ടികൊടുക്കുന്നതല്ലെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. മേൽ സൂചിപ്പിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്നേക്ക് പാർക്ക് അധികാരികൾ തങ്ങളുടെ കൈവശമുണ്ടായിരുന്ന വന്യമൃഗങ്ങളെ സംബന്ധിച്ച നിയമപരമായ കൈവശാവകാശ സർട്ടിഫിക്കറ്റുകൾ 25-1-2000-ന് മുൻപുതന്നെ ഹാജരാക്കേണ്ടിയിരുന്നു. എന്നാൽ നിശ്ചിത കാലവധിക്കുള്ളിൽ സ്നേക്ക് പാർക്ക് അധികാരികൾ സർട്ടിഫിക്കറ്റുകൾ ഒന്നും ഹാജരാക്കുകയുണ്ടായില്ല. ഇതനുസരിച്ച് അപ്പീൽ അധികാരിയായ കേന്ദ്ര സർക്കാരിന്റെ തീരുമാനപ്രകാരം പറശ്ശിനിക്കടവ് സ്നേക്ക് പാർക്കിന് അംഗീകാരം നിരസിച്ചുകൊണ്ടുള്ള സെൻട്രൽ സൂ അതോറിറ്റിയുടെ നേരത്തെയുള്ള ഉത്തരവ് പ്രാബല്യത്തിൽ വന്നു. അതു നടപ്പാക്കേണ്ടതായും വന്നു. ഇതിൻ പ്രകാരം, നിയമ വിരുദ്ധമായി പ്രവർത്തിച്ചുവന്ന പറശ്ശിനിക്കടവ് സ്നേക്ക് പാർക്ക് അടച്ചുപൂട്ടുന്നതിന് നടപടി സ്വീകരിക്കുകയുണ്ടായി. . . . (ബഹളം).....

ശ്രീ. കെ. സുധാകരൻ : സർ, മന്ത്രി ഈ കാര്യം അറിഞ്ഞിട്ടില്ല എന്നാണ് പത്രങ്ങളിൽ വാർത്ത വന്നത്.

ശ്രീ. സി.കെ. നാണു : സർ, ഞാനിവിടെ മറുപടി പറഞ്ഞത് ഇവിടെ അനുവദിച്ച സബ്മിഷനുവേണ്ടിയാണ്. അഭിപ്രായങ്ങൾ ചോദിക്കുന്ന എല്ലാവർക്കും അറിയാം സബ്മിഷൻ ചോദിച്ചാൽ ആ സബ്മീഷന് മാത്രമേ മറുപടിയുണ്ടാവുകയുള്ളുവെന്ന്. സബ്മിഷനല്ലാതെ വേറെ തരത്തിലുള്ള വല്ലതുമാണ് ചോദിച്ചതെങ്കിൽ ആകാവുന്നതുപോലെ എന്റെ പക്കലുള്ള വസ്തുതകൾ വച്ചു പറയാം. അതിനു വിഷമമുണ്ടായിട്ടല്ല. പക്ഷേ സാധാരണ സബ്മിഷൻ ഉന്നയിച്ചാൽ സബ്മിഷന് പുറത്തുള്ള കാര്യങ്ങൾ പറയുന്നത് ശരിയല്ല. അതു കീഴ്വഴക്കമല്ല എന്നാണ് പറഞ്ഞത്.

(7) കൈത്തറിത്തൊഴിലാളികളുടെ സെക്രട്ടേറിയറ്റ് മാർച്ച്

ശ്രീ. എൻ. അനിരുദ്ധൻ : സർ, കൈത്തറി വ്യവസായം നേരിടുന്ന ഗുരുതരമായ പ്രതിസന്ധിക്ക് സത്വരമായ പരിഹാരം കാണുന്നതിന് ഫലപ്രദമായ നടപടികൾ കൈക്കൊള്ളണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ഗവൺമെന്റിനോട് അഭ്യർത്ഥിക്കുന്നത്. ഈ വിഷയം ഉന്നയിച്ചുകൊണ്ട് എ.ഐ.ടി.യു.സി. യുടെ നേതൃത്വത്തിൽ കൈത്തറി നെയ്ത്തുതൊഴിലാളി ഫെഡറേഷൻ ഇന്നു സെക്രട്ടേറിയറ്റിനുമുൻപിൽ ധർണ്ണ നടത്തുന്നുണ്ട്. കൃഷി കഴിഞ്ഞാൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളുകൾ ഉപജീവനത്തിന് ആശ്രയിക്കുന്ന തൊഴിലാണ് കൈത്തറി വ്യവസായം. കൈത്തറി നെയ്ത്തു വ്യവസായം കേരളത്തിലെ പ്രധാന പരമ്പരാഗത വ്യവസായങ്ങളിലൊന്നാണ്.

LIBRARY ARCHIVES Kerala Legislative Assembly